LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനം

23 [477] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനായി എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായിട്ടുണ്ട്; അതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്;

(സി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായി; അവ ലാഭത്തിലാക്കാൻ എന്ത് നടപടികൾ സ്വീകരിച്ചു;

(ഡി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട്;

(ഇ) ഇപ്പോൾ സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്നതും ലോക്കൗട്ട് ആയിട്ടുള്ളതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാം; അവ പുനരുദ്ധരിപ്പിച്ച് പ്രവർത്തനം ആരംഭിക്കാൻ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ വാണിജ്യപരമായി മത്സരക്ഷമതയുള്ളതാക്കത്തക്ക വിധത്തിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ശ്രീ. ആർ. സി. ചൗധരി അദ്ധ്യക്ഷനായി എന്റർപ്രൈസ് റിഫോംസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ പഠന നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും നവീകരണത്തിൽ തീരുമാനമെടുക്കുന്നു. ഈ പുനരുദ്ധാരണ പദ്ധതികൾ നടപ്പാക്കുന്നതിനായി പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് കൺസൽറ്റന്റ്സ്, ട്രാൻസാക്ഷൻ അഡ്വൈസേഴ്സ്, വാല്യൂവേഴ്സ്, മെർച്ചന്റ് ബാങ്കേഴ്സ് എന്നിവരിലൂടെയാണ് പുനരുദ്ധാരണ പദ്ധതികൾ നടപ്പാക്കുന്നത്.

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്നവ സംബന്ധിച്ച് വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. † പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്യുന്നതിനായി റിയാബിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വ്യവസായ വകുപ്പുമന്ത്രിയും മറ്റുദ്യോഗസ്ഥരും നേരിട്ടു കമ്പനികളുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുമായി പ്രവർത്തനക്കരാറിലേർപ്പെടുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ഡി ആന്റ് ഇ) അനുബന്ധം III-ആയി ചേർത്തിരിക്കുന്നു.† ചാലക്കുടി റിഫ്രാക്ടറീസ് ലിമിറ്റഡ്, കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്, കേരള സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ്, സിഡ്കെൽ ടെലിവിഷൻ ലിമിറ്റഡ് എന്നിവ നേരത്തെ തന്നെ പ്രവർത്തനം നിറുത്തലാക്കിയവയാണ്. കൂടാതെ ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കേരള സിറാമിക്സിന്റെ പോഴ്സലൈൻ ഡിവിഷൻ, കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ ഒരു യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കേരളാ കൺസ്ട്രക്ഷൻ കമ്പോണന്റ്സ്, മെട്രോപൊളിറ്റൻ എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കെൽട്രോൺ റെക്റ്റിഫയേഴ്സ് ലിമിറ്റഡ്, സ്കൂട്ടേഴ്സ് കേരളാ ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ ഒലവക്കോട് യൂണിറ്റ് എന്നിവയുടെ പ്രവർത്തനം ഇ.ആർ.സി.-യുടെ ശുപാർശ പ്രകാരം നിറുത്തലാക്കിയിട്ടുണ്ട്. തുടർച്ചയായി ധനസഹായം നൽകിയിട്ടും കൂടുതൽ നഷ്ടമുണ്ടാക്കിയവയാണ് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ ചുമട്ടുതൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടി

24 [478] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ ജോലി ചെയ്യുന്ന ചുമട്ടുതൊഴിലാളികളെ കമ്പനിയിൽ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കയറ്റിറക്ക് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന എത്ര തൊഴിലാളികൾ ഇപ്പോൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ വർഷം ഇവർക്ക് കൂലി ഇനത്തിൽ എന്തു തുക നൽകിയിട്ടുണ്ട്; ഓരോരുത്തർക്കും കിട്ടിയ ശരാശരി വേതന തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly